# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*14 04/06/2018-ൽ മറുപടിക്ക്

### അർബുദരോഗ നിയന്ത്രണത്തിന് കർമ്മപരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീമതി.സി.കെ. ആശ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന അർബുദരോഗം നിയന്ത്രിക്കുന്നതിന് കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർരോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു. സർക്കാർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ശാക്തീകരിക്കുക, ജില്ല, താലൂക്ക് ആരോഗ്യ സ്ഥാപനങ്ങളിൽ ക്യാൻസർ നിർണ്ണയ, ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ക്യാൻസർ അവബോധം വർദ്ധിപ്പിക്കുക, സ്വകാര്യമേഖലയിലെയും, സർക്കാർ മേഖലയിലെയും ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് രൂപീകരിക്കുക എന്നിവയാണ് ഇതിന്റെ പ്രവർത്തന ലക്ഷ്യം. |
| ബി) | അർബുദ ചികിത്സയ്ക്കായി റീജ്യണൽ ക്യാൻസർ സെന്റർ നിലവാരത്തിൽ ആശുപത്രികൾ സജ്ജമാക്കുമോ; വ്യക്തമാക്കുമോ; | ബി) | അർബുദ ചികിത്സയ്ക്കായി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നിലവാരത്തിൽ ആശുപത്രികൾ സജ്ജമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മദ്ധ്യമേഖലയിൽ കൊച്ചിയിൽ ഒരു ക്യാൻസർ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഉത്തരമേഖലയിൽ മലബാർ ക്യാൻസർ സെന്റർ ആർ.സി.സി നിലവാരത്തിലേയ്ക്കുയർത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. |
| സി) | അർബുദരോഗം പ്രാരംഭത്തിൽ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിന് താലൂക്ക് ആശുപത്രികൾ | സി) | മനുഷ്യ ശരീരത്തിലെ ഓരോ കോശങ്ങളിലും അർബുദം പ്രത്യക്ഷപ്പെടാമെങ്കിലും ചില ക്യാൻസറുകൾ മുൻകൂട്ടി നിർണ്ണയിക്കാവുന്നതും ചികിത്സിച്ച് സുഖപ്പെടുത്താവുന്നതുമാണ്. ഇതിൽ പ്രധാനം വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയാണ്. പ്രാരംഭദശയിൽ തന്നെ കണ്ടെത്താവുന്നതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ ഈ ക്യാൻസറുകളുടെ നിർണ്ണയത്തിന് |

| | | | |
|---|---|---|---|
| | ഉൾപ്പെടെയുള്ള ആശുപത്രികളിൽ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരികയാണ്. ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ രോഗ നിർണ്ണയവും കീമോതെറാപ്പിയും നൽകി വരുന്നുണ്ട്. ഇതിന് പുറമേ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ക്ലിനിക്കുകളും സംഘടിപ്പിച്ച് വരുന്നു. ഈ സേവനങ്ങൾ എല്ലാ താലൂക്ക് ആശുപത്രികളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | അർബുദ രോഗനിയന്ത്രണത്തിന് ഡോക്ടർമാർ, നേഴ്സുമാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുമോ; വ്യക്തമാക്കുമോ? | ഡി) | എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് ഡോക്ടർമാർക്കും, നഴ്സുമാർക്കും തിരുവനന്തപുരം ആർ.സി.സിയിൽ വച്ചും, മലബാർ ക്യാൻസർ സെന്ററിൽ വച്ചും പ്രത്യേക പരിശീലനം നൽകി വരുന്നു. ഡോക്ടർമാർക്ക് 3 മാസം നീണ്ട് നിൽക്കുന്ന സമഗ്ര ക്യാൻസർ പരിശീലനവും, നഴ്സുമാർക്ക് 2 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലനവുമാണ് നൽകിവരുന്നത്. ഇങ്ങനെ പരിശീലനം ലഭിച്ച ഡോക്ടർമാർ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലും പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകി വരുന്നു. ഇത് കൂടുതൽ ഡോക്ടർമാരിലേയ്ക്കും നഴ്സ്മാരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ